പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം:*401 — 25.06.2019 -ൽ മറുപടിയ്ക്ക്

ഭവനനിർമ്മാണ മേഖലയിൽ നവീന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ഡി. പ്രസേനൻ : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ഭവന നിർമ്മാണ മേഖലയിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഫലമായി ഭവനരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ലൈഫ് ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് ഭവന രഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി വിവിധ ഘട്ടങ്ങളായിട്ടാണ് നടപ്പാക്കി വരുന്നത്.<br>ഒന്നാംഘട്ടത്തിൽ വിവിധ പദ്ധതികളിലായി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54,479 വീടുകളിൽ 50,719 വീടുകളുടെ (94 ശതമാനം) നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. അതുവഴി വാസയോഗ്യമായ വീടുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു.<br>രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം നൽകുന്നതിലേയ്ക്കായി 86,192 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 17,036 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) PMAY(U)ൽ ഭവന രഹിതരായി കണ്ടെത്തിയ 93,196 ഗുണഭോക്താക്കളിൽ 68,573 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 18,773 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പ്രധാനമന്ത്രി ആവാസ് യോജന (റൂറൽ) PMAY(R) ൽ നിർമ്മാണം ആരംഭിച്ച 17,062 ഗുണഭോക്താക്കളിൽ 15,754 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>മൂന്നാംഘട്ടമായി ഭൂരഹിതഭവന രഹിതരായി സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള 3,37,416 ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകുന്നതിനും, |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനും, സ്വന്തമായി ഭൂമി ആർജ്ജിച്ച് വരുന്ന ഗുണ ഭോക്താക്കൾക്ക് ഭവനം നൽകുന്നതിനും കൂടാതെ ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ധനസഹായം നൽകുന്ന തിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇത്തരത്തിൽ ചുരുങ്ങിയ കാലയളവിൽ സംസ്ഥാനത്തെ അർഹരായിട്ടുള്ള ഭൂരഹിതരും, ഭൂരഹിതഭവനരഹിതരു മായിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ഭവനം നൽകുന്നത് വഴി ഭവന രഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നതാണ്.

(ബി) ഭവന നിർമ്മാണ മേഖലയിൽ സംസ്ഥാനത്ത് ആവിഷ്കരിച്ചുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യക്ഷമ മായ നടത്തിപ്പിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത്;

(ബി) കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതികൾ കുടുംബശ്രീ മിഷൻ, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

സംസ്ഥാന സർക്കാരിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതിയുമായി സംയോജിച്ച് പി.എം.എ. വൈ (നഗരം) - ലൈഫ് എന്ന പേരിലാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന 1.5 ലക്ഷം രൂപയ്ക്ക് പുറമേ സംസ്ഥാന സർക്കാർ വിഹിതം 50,000/- രൂപ നഗരസഭാ വിഹിതം 2 ലക്ഷം രൂപ എന്നിവയുൾപ്പെടെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പി.എം.എ.വൈ (ജി). പി.എം.എ.വൈ (ജി) വീടുകളുടെ യൂണിറ്റ് കോസ്റ്റ് 1.20 ലക്ഷം രൂപ ആയിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്നു. സംസ്ഥാനത്ത് ടി തുക ഉപയോഗിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ നിലവിൽ എല്ലാ ഭവന പദ്ധതികളുടേയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായും, പട്ടിക വർഗ്ഗ

സങ്കേതങ്ങളിൽ 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് നൽകുന്നു. കേന്ദ്ര വിഹിതമായ 1.20 ലക്ഷം രൂപ കിഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകൾ 25:40:35 (ഗ്രാമ-ബ്ലോക്ക്-ജില്ല) എന്ന അനുപാത ത്തിൽ പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചും, നിർമ്മാണ ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെട്ടും സംസ്ഥാന സർക്കാർ ടി ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിച്ച വരുന്ന സംസ്ഥാനത്തെ പ്രധാന ഏജൻസികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ഗ്രാമവികസന കമ്മീഷണറേറ്റ്, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്/ ഹൗസ് ഫെഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് (കുടുംബശ്രീ, ലൈഫ് മിഷൻ), പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഫിഷറീസ് വകുപ്പ്, സൈനിക ക്ഷേമ വകുപ്പ്, ലേബർ കമ്മീഷണറേറ്റ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നിവയാണ്.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ (ജി) ഭവന നിർമ്മാണ പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

(ഡി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തന ങ്ങൾ സർക്കാരിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷന്റെ പ്രവർത്തനവുമായി ഫല പ്രദമായി ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ?

(ഡി) സംസ്ഥാനത്ത് ഭവന നിർമ്മാണ പദ്ധതികൾ പട്ടിക ജാതി വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേന യാണ് നടപ്പിലാക്കി വന്നിരുന്നത്. ഇതിലേയ്ക്ക് വേണ്ടി വരുന്ന തുക സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിരുന്നത്. എന്നാൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് വഴി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് പദ്ധതിയുമായി ഏകോപിപ്പിക്കുകയും ഇതിലേയ്ക്ക് ബജറ്റ് വഴി വകുപ്പുകൾക്ക് നൽകിയിരുന്ന തുക

ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതു വഴി വിവിധ വകുപ്പുകൾ പല മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഭവന നിർമ്മാണ പദ്ധതിയ്ക്ക് ഏകീകൃത മാനദണ്ഡം നിശ്ചയിക്കുവാനും അതുവഴി മുഴുവൻ ഭവന പദ്ധതികളും ലൈഫ് മിഷൻ എന്ന പദ്ധതിയിൻ കീഴിൽ കൊണ്ടുവരാനും കഴിഞ്ഞു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി മാത്രം ബന്ധപ്പെടുന്ന അവസ്ഥ സംജാതമായി. ഭവന നിർമ്മാണത്തിനുള്ള ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതി കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ (നഗരം) പദ്ധതിയുമായി സംയോജിപ്പിച്ച് പി.എം.എ.വൈ (നഗരം) - ലൈഫ് എന്ന പേരിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പി.എം.എ.വൈ (ജി) ഭവന നിർമ്മാണ പദ്ധതി സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ്-ന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറകളിൽ നിന്നും സിമന്റ്, കമ്പി എന്നിവ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ബി.പി.എൽ ഗുണ ഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ നൽകി വരുന്നു.

Subha

സെക്ഷൻ ഓഫീസർ